**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രതിസന്ധി നേരിടുന്ന പുരവഞ്ചികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കുന്ന ആയിരത്തിലധികം വരുന്ന പുരവഞ്ചി സംരംഭകർ കോവിഡ് സാഹചര്യത്തിൽ വലിയ പ്രതിസന്ധികളെ നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ടൂറിസം വ്യവസായമേഖലയിൽ വൻമുതൽമുടക്കുള്ള പ്രസ്തുത സംരംഭകർ വലിയ സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന ഈ സാഹചര്യത്തിൽ പുരവഞ്ചികൾക്ക് കേടുപാടുകൾ സംഭവിക്കുന്നതും മൂലം ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകുവാനിടയുള്ള പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (ബി) | പുരവഞ്ചികൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് മൂലം ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകുവാനിടയുള്ള പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. പുരവഞ്ചി മേഖലയിൽ ഉൾപ്പെടെ സർക്കാർ നൽകി വരുന്ന മുഖ്യമന്ത്രിയുടെ ലോൺ സ്കീം ഈ രംഗത്തെ മികച്ച രീതിയിൽ പരിഗണിക്കുന്നതിന്റെ ഉദാഹരണമാണ്. "ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം " വഴി ഒറ്റത്തവണ ധനസഹായ പദ്ധതിയുടെ ഭാഗമായി ആകെ 86 ലക്ഷം രൂപയുടെ ധനസഹായം ഇതേവരെ പുരവഞ്ചി ഉടമകൾക്ക് കൈമാറി കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ കേരള ബാങ്ക് വഴി ഈ മേഖലയിലെ ജീവനക്കാർക്കും വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പുരവഞ്ചികൾ, ശിക്കാരബോട്ടുകൾ, സ്പെഷ്യൽ ബോട്ടുകൾ തുടങ്ങിയവയുടെ ഓപ്പറേറ്റേഴ്സിന്റേയും ജീവനക്കാരുടേയും ഉപജീവനമാർഗ്ഗത്തെ നിശ്ചലമാക്കുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത് ആശ്വാസനടപടികൾ സ്വീകരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | പുരവഞ്ചികൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് മൂലം ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകുവാനിടയുള്ള പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. പുരവഞ്ചി മേഖലയിൽ ഉൾപ്പെടെ സർക്കാർ നൽകി വരുന്ന മുഖ്യമന്ത്രിയുടെ ലോൺ സ്കീം ഈ രംഗത്തെ മികച്ച രീതിയിൽ പരിഗണിക്കുന്നതിന്റെ ഉദാഹരണമാണ്. "ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം " വഴി ഒറ്റത്തവണ ധനസഹായ പദ്ധതിയുടെ ഭാഗമായി ആകെ 86 ലക്ഷം രൂപയുടെ ധനസഹായം ഇതേവരെ പുരവഞ്ചി ഉടമകൾക്ക് കൈമാറി കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ കേരള |

| | | | |
|---|---|---|---|
| | | | ബാങ്ക് വഴി ഈ മേഖലയിലെ ജീവനക്കാർക്കും വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ